കേരള സർക്കാർ

സാംസ്കാരികകാര്യ വകുപ്പ്

# 1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ

©
കേരള സർക്കാർ
2012

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം
ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിപ്പിച്ചത്, 2012

# 1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ

21/2837/2012/DTP.

# കേരള സർക്കാർ

വിദ്യാഭ്യാസ (കെ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) 2/72/എഡ്യൂക്കേഷൻ. *തിരുവനന്തപുരം, 1972 ജനുവരി 4.*

**എസ്. ആർ. ഒ. നമ്പർ 51/72.**— 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് (1969-ലെ 26) 38-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു. പ്രസ്തുത ആക്റ്റ് പ്രസ്തുത വകുപ്പിന്റെ ആവശ്യാർത്ഥം ഇത് മുൻകൂട്ടി പ്രസിദ്ധീകരിച്ചിട്ടുണ്ട്, അതായത്:

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,

പത്മാരാമചന്ദ്രൻ,

*സെക്രട്ടറി.*

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ചട്ടങ്ങൾക്ക് 1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ, എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ആക്റ്റ്' എന്നാൽ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് എന്നർത്ഥമാകുന്നു;

(ബി) 'നിർമ്മാണം' എന്നാൽ ഏതെങ്കിലും ഘടനയുടെ നിർമ്മാണം എന്നർത്ഥമാകുന്നതും നിലവിലുള്ള ഒരു കെട്ടിടത്തിനോടുള്ള കൂട്ടിചേർക്കലോ ഭേദപ്പെടുത്തലോ അതിൽ ഉൾപ്പെടുന്നതുമാകുന്നു;

(സി) 'പകർപ്പെടുപ്പ്' എന്നാൽ, അതിന്റെ വ്യാകരണ വ്യതിയാനങ്ങളും സജാതീയ പ്രയോഗങ്ങളും ഉൾപ്പെടെ, ഡ്രായിംഗോ, ഫോട്ടോഗ്രാഫിയോ, അച്ചോ, കൾക്കലോ മുഖേനയുള്ള പകർപ്പ് തയ്യാറാക്കൽ എന്നർത്ഥമാകുന്നതും മുൻകൂട്ടിയുള്ള മറ്റ് ഏതെങ്കിലും പ്രത്യേക സംവിധാനം ഇല്ലാത്തതോ ഒരു സ്റ്റാൻഡിന്റെ ഉപയോഗം ആവശ്യമില്ലാത്തതോ ആയതും, എട്ടുമില്ലിമീറ്ററിൽ കൂടാത്ത ചിത്രങ്ങൾ എടുക്കാൻ കഴിയുന്നതുമായ ഒരു ഹാൻഡ് ക്യാമറയുടെ സഹായത്തോടുകൂടി ഒരു സിനിമാറ്റോഗ്രാഫിക് ഫിലിം തയ്യാറാക്കലും ഉൾപ്പെടുന്നതുമാകുന്നു;

(ഡി) 'ചലച്ചിത്രമെടുക്കാൻ' എന്നാൽ, അതിന്റെ വ്യാകരണ വ്യത്യാസങ്ങളും സജാതീയ പ്രയോഗങ്ങളും ഉൾപ്പെടെ മുൻകൂട്ടിയുള്ള മറ്റ് പ്രത്യേക സംവിധാനം ആവശ്യമുള്ളതോ ഒരു സ്റ്റാൻഡിന്റെ ഉപയോഗം ആവശ്യമുള്ളതോ ആയതും എട്ടുമില്ലിമീറ്ററിൽ കൂടിയ ചലച്ചിത്രം എടുക്കാൻ കഴിവുള്ളതുമായ ഒരു ക്യാമറയുടെ സഹായത്തോടുകൂടിയുള്ള ഒരു സിനിമാറ്റോഗ്രാഫിക് ഫിലിം തയ്യാറാക്കൽ എന്നർത്ഥമാകുന്നു;

(ഇ) 'ഫാറം' എന്നാൽ പട്ടികയിൽ കാണിച്ചിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(എഫ്) 'ഖനന പ്രവർത്തനങ്ങൾ' എന്നാൽ ധാതുക്കൾ അന്വേഷിക്കുന്നതിനോ ധാതുക്കൾ ലഭിക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും പ്രവർത്തനം എന്നർത്ഥമാകുന്നതും, കല്ലുവെട്ടിയെടുക്കലും, കുഴിക്കലും, പാറ പൊട്ടിക്കലും അതേ സ്വഭാവത്തിലുള്ള ഏതൊരു പ്രവർത്തനവും അതിൽ ഉൾപ്പെടുന്നതുമാകുന്നു;

(ജി) 'നിരോധിത പ്രദേശം' അല്ലെങ്കിൽ 'നിയന്ത്രിത പ്രദേശം' എന്നാൽ ഖനന പ്രവർത്തനത്തിനോ അഥവാ നിർമ്മാണത്തിനോ രണ്ടിനും വേണ്ടിയോ, സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംമൂലം അതതു സംഗതിപോലെ ഒരു നിരോധിത

പ്രദേശമായോ അല്ലെങ്കിൽ ഒരു നിയന്ത്രിത പ്രദേശമായോ പ്രഖ്യാപിച്ചിട്ടുള്ള ഒരു സംരക്ഷിത സ്മാരകത്തിന്റെ അടുത്തുള്ളതോ തൊട്ടിരിക്കുന്നതോ ആയ ഒരു പ്രദേശം എന്നർത്ഥമാകുന്നു;

(എച്ച്) 'പട്ടിക' എന്നാൽ ഈ ചട്ടങ്ങൾക്കുള്ള ഒരു പട്ടിക എന്നർത്ഥമാകുന്നതും;

(ഐ) 'വകുപ്പ്' എന്നാൽ ആക്റ്റിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നതും ആകുന്നു.

## അദ്ധ്യായം II

## സംരക്ഷിത സ്മാരകത്തിലേക്കുള്ള പ്രവേശനം

3. കരാറുമൂലം ഭരണം നിയന്ത്രിക്കപ്പെടുന്ന സ്മാരകങ്ങൾ.—(1) ഏതൊരു സംരക്ഷിത സ്മാരകത്തെ സംബന്ധിച്ചാണോ 6-ാം വകുപ്പുപ്രകാരം ഉടമയും സർക്കാരും തമ്മിൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളതോ അഥവാ 9-ാം വകുപ്പുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതോ അത്തരം സംരക്ഷിത സ്മാരകത്തിലേക്കുള്ള പ്രവേശനം അതതു സംഗതിപോലെ കരാറിലെയോ അഥവാ ഉത്തരവിലെയോ വ്യവസ്ഥകൾ പ്രകാരം നിയന്ത്രിക്കപ്പെടുന്നതും, 4-ഉം 5-ഉം അല്ലെങ്കിൽ 6-ഉം ചട്ടങ്ങളിലെ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും കരാറിനെയോ ഉത്തരവിനെയോ ബാധിക്കുന്നതായി കരുതാൻ പാടില്ലാത്തതുമാകുന്നു.

(2) അങ്ങനെയുള്ള ഏതൊരു കരാറിന്റെയും അല്ലെങ്കിൽ ഉത്തരവിന്റെയും പ്രസക്ത ഭാഗങ്ങളുടെ ഒരു പകർപ്പ് ബന്ധപ്പെട്ട സ്മാരകത്തിന്റെ പ്രകടമായ ഒരു സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

4. സ്മാരകത്തിന്റെ പ്രവേശനം നിരോധിക്കപ്പെട്ട ഭാഗങ്ങൾ.—ഡയറക്ടർക്ക് ഉത്തരവുമൂലം ഒരു സംരക്ഷിത സ്മാരകത്തിന്റെ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ള ഏതൊരു ഭാഗത്തേക്കും സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ ഒരു ആർക്കിയോളജിക്കൽ ആഫീസർക്കോ അദ്ദേഹത്തിന്റെ ഏജന്റിനോ, കീഴുദ്യോഗസ്ഥൻമാർക്കോ തൊഴിലാളികൾക്കോ അഥവാ അങ്ങനെയുള്ള ഏതെങ്കിലും ഭാഗത്ത് ഔദ്യോഗിക കൃത്യം നിർവ്വഹിക്കുന്ന മറ്റേതെങ്കിലും സർക്കാരുദ്യോഗസ്ഥനോ ഒഴികെ മറ്റാർക്കും പ്രവേശനമില്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

5. സ്മാരകങ്ങൾ എപ്പോഴെല്ലാം തുറന്നിട്ടിരിക്കണമെന്ന്.—(1) പട്ടികയിൽ പറഞ്ഞിട്ടുള്ള സംരക്ഷിത സ്മാരകങ്ങൾ അവയ്ക്കുനേരെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സമയങ്ങളിൽ തുറന്നിരിക്കേണ്ടതാണ്. അങ്ങനെ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്തതും 3-ഉം 4-ഉം ചട്ടങ്ങൾ ബാധകമല്ലാത്തതുമായ സംരക്ഷിത സ്മാരകങ്ങൾ സൂര്യോദയം മുതൽ സൂര്യാസ്തമനം വരെയോ അങ്ങനെയുള്ള സ്മാരകങ്ങൾക്കുവേണ്ടി ഏർപ്പെട്ടിട്ടുള്ള കരാറിൽ പ്രത്യേകം പറഞ്ഞിരിക്കുന്നതുപോലെയോ തുറന്നിരിക്കേണ്ടതാണ്.

എന്നാൽ ഒരു ആർക്കിയോളജിക്കൽ ആഫീസർക്ക് സ്മാരകത്തിന്റെ പ്രകടമായ ഒരു ഭാഗത്ത് പ്രദർശിപ്പിക്കുന്ന നോട്ടീസുമൂലം നോട്ടീസിൽ പറയുന്ന പ്രകാരമുള്ള സമയത്തേക്ക് ഒരു സംരക്ഷിത സ്മാരകമോ അതിന്റെ ഭാഗമോ താൽക്കാലികമായി അടച്ചിടാൻ നിർദ്ദേശിക്കാവുന്നതാണ്.

(2) ഈ ചട്ടത്തിലെ യാതൊന്നുംതന്നെ ഒരു ആർക്കിയോളജിക്കൽ ആഫീസർക്കോ അദ്ദേഹത്തിന്റെ ഏജന്റിനോ, കീഴുദ്യോഗസ്ഥൻമാർക്കോ തൊഴിലാളികൾക്കോ അല്ലെങ്കിൽ ഒരു സംരക്ഷിത സ്മാരകത്തിൽ ജോലിയിലുള്ള മറ്റേതെങ്കിലും സർക്കാരുദ്യോഗസ്ഥനോ ബാധകമാകുന്നതല്ല.

6. സ്മാരകങ്ങളിൽ യോഗങ്ങൾ മുതലായവ നടത്തൽ. (1) സർക്കാർ നൽകിയ രേഖാമൂലമായ അനുവാദ പ്രകാരവും അനുവാദമനുസരിച്ചും അല്ലാതെ, യാതൊരു സംരക്ഷിത സ്മാരകവും ഏതെങ്കിലും യോഗമോ, സ്വീകരണമോ, പാർട്ടിയോ, സമ്മേളനമോ, വിനോദപ്രകടനമോ നടത്തുവാനായി ഉപയോഗിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപചട്ടത്തിലെ യാതൊന്നും, ഒരു അംഗീകൃത മതാചാരമോ, മാമൂലോ അനുസരിച്ച് നടത്തുന്ന ഏതെങ്കിലും യോഗത്തിനോ, സ്വീകരണത്തിനോ പാർട്ടിക്കോ, സമ്മേളനത്തിനോ, വിനോദ പ്രകടനത്തിനോ ബാധകമാകുന്നതല്ല.

7. സ്മാരകങ്ങൾക്കുള്ളിൽ ചില പ്രവർത്തികൾക്കുള്ള നിരോധനം. യാതൊരാളും ഒരു സംരക്ഷിത സ്മാരകത്തിനുള്ളിൽ,

(എ) സ്മാരകത്തിന്റെ ഏതെങ്കിലും ഭാഗത്തിന് നഷ്ടമോ കേടുപാടോ സംഭവിപ്പിക്കുന്നതോ സംഭവിപ്പിക്കാൻ സാദ്ധ്യതയുള്ളതോ ആയ ഏതെങ്കിലും പ്രവർത്തി ചെയ്യുകയോ;

(ബി) ഏതെങ്കിലും തോക്കുകൾ നിറയൊഴിക്കുകയോ;

(സി) ആഹാരം പാചകം ചെയ്യാനോ, ആഹാരം കഴിക്കാനോ അനുവദിച്ചിട്ടുള്ള ഏതെങ്കിലും പ്രദേശമുണ്ടെങ്കിൽ അതൊഴികെയുള്ള പ്രദേശത്തുവച്ച് ആഹാരം പാചകം ചെയ്യുകയോ ആഹാരം കഴിക്കുകയോ ചെയ്യുകയോ;

(ഡി) ഒരു ആർക്കിയോളജിക്കൽ ആഫീസറുടെ അധികാരത്തിലോ അദ്ദേഹം നൽകിയ ഒരു ലൈസൻസിലെ വ്യവസ്ഥകളനുസരിച്ചും, വ്യവസ്ഥകൾ പ്രകാരവും അല്ലാതെ, ഏതെങ്കിലും സാധനങ്ങൾ കൊണ്ടുനടന്നു വിൽക്കുകയോ, അങ്ങനെയുള്ള സാധനങ്ങൾക്കുവേണ്ടി ക്രേതാവിനെ തേടുകയോ, ഏതെങ്കിലും പരസ്യം ഏതെങ്കിലും രൂപത്തിൽ പ്രദർശിപ്പിക്കുകയോ, പണം പ്രതിഫലത്തിനുവേണ്ടി ഒരു സന്ദർശകനെ ചുറ്റിലും കാണിക്കുകയോ;

(ഇ) ഭിക്ഷ യാചിക്കുകയോ;

(എഫ്) സ്മാരകത്തിന് ബാധകമായതോ സ്മാരകത്തിൽ ആചരിച്ചുവരുന്നതോ ആയ ഏതെങ്കിലും പതിവോ, ആചാരമോ, നാട്ടുനടപ്പോ ലംഘിക്കുകയോ;

(ജി) സ്മാരകത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള ഉദ്ദേശത്തിലേക്കല്ലാതെ,

(i) ഏതെങ്കിലും മൃഗത്തേയോ,

(ii) പാർക്കിങ്ങിനുവേണ്ടി നീക്കിവച്ചിട്ടുള്ളതല്ലാത്ത സ്ഥലത്ത് ഏതെങ്കിലും വാഹനം കൊണ്ടുവരികയോ ചെയ്യാൻ പാടുള്ളതല്ല.

8. ശിക്ഷ.—ആരെങ്കിലും,

(i) ഏതെങ്കിലും സംരക്ഷിത സ്മാരകത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ ചട്ടപ്രകാരം തുറന്നിട്ടിരിക്കാൻ പാടില്ലാത്ത സമയത്ത് നിയമവിരുദ്ധമായി പ്രവേശിക്കുകയോ;

(ii) 4-ാം ചട്ടപ്രകാരമോ അഥവാ 5-ാം ചട്ടപ്രകാരമോ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സംരക്ഷിത സ്മാരകത്തിൽ നിയമവിരുദ്ധമായി പ്രവേശിക്കുകയോ;

(iii) 6-ാം ചട്ടത്തിന്റെയോ 7-ാം ചട്ടത്തിന്റെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ അയാളെ അഞ്ഞൂറു രൂപവരെ ആകാവുന്ന പിഴക്ക് ശിക്ഷിക്കേണ്ടതാണ്.

## അദ്ധ്യായം III

## സംരക്ഷിത പ്രദേശങ്ങളിലെ നിർമ്മാണവും മറ്റ് പ്രവർത്തനങ്ങളും

9. നിർമ്മാണത്തിനും മറ്റും അനുവാദം ആവശ്യമാണെന്ന്.—(1) യാതൊരാളും ഒരു സംരക്ഷിത പ്രദേശത്ത്, സർക്കാർ ഈ ആവശ്യത്തിലേക്കുവേണ്ടി നൽകിയ ഒരു അനുവാദം അനുസരിച്ചും അതുപ്രകാരവുമല്ലാതെ ഏതെങ്കിലും നിർമ്മാണമോ മറ്റ് ഖനന പ്രവർത്തനമോ ഏറ്റെടുക്കാൻ പാടില്ലാത്തതാകുന്നു;

(2) (1)-ാം ഉപചട്ടപ്രകാരം അനുവാദത്തിനുള്ള ഏതൊരു അപേക്ഷയും 1-ാം നമ്പർ ഫാറത്തിൽ, നിർമ്മാണമോ പ്രവർത്തനമോ തുടങ്ങുന്ന തീയതിക്ക് കുറഞ്ഞത് മൂന്നുദിവസം മുമ്പ് ഗവൺമെന്റിന് നൽകേണ്ടതാണ്.

അദ്ധ്യായം IV

## കുഴിച്ചെടുത്ത പുരാതന വസ്തുക്കൾ സംബന്ധിച്ച് ഒരു ആർക്കിയോളജിക്കൽ ആഫീസറുടെ റിപ്പോർട്ട്

10. ഒരു ആർക്കിയോളജിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്യേണ്ട രീതി.—ഒരു ആർക്കിയോളജിക്കൽ ആഫീസർ 21-ാം വകുപ്പോ 22-ാം വകുപ്പോ പ്രകാരം ഏതെങ്കിലും പ്രദേശത്ത് നടത്തിയ ഒരു ഉത്ഖനനത്തിന്റെ ഫലമായി ഏതെങ്കിലും പൗരാണികാവശിഷ്ടം കണ്ടെത്തുകയാണെങ്കിൽ, പ്രസ്തുത ആർക്കിയോളജിക്കൽ ആഫീസർ കഴിവതും വേഗം ഫാറം II-ലോ III-ലോ ഉത്ഖനനത്തിനിടയിൽ വീണ്ടെടുത്തിട്ടുള്ള പൗരാണികാവശിഷ്ടങ്ങൾ സംബന്ധിച്ച് ഒരു റിപ്പോർട്ട്, ഡയറക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

അദ്ധ്യായം V

## ചില പ്രദേശങ്ങളിൽനിന്നും പൗരാണികാവശിഷ്ടങ്ങൾക്ക് സ്ഥാനചലനം വരുത്തൽ

11. പൗരാണികാവശിഷ്ടങ്ങൾക്ക് സ്ഥാനചലനം വരുത്തുന്നതിനുള്ള അപേക്ഷ.—25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടങ്ങൾക്കോ ഏതെങ്കിലും വിഭാഗം പൗരാണികാവശിഷ്ടങ്ങൾക്കോ സ്ഥാനചലനം വരുത്തുന്നതിനുവേണ്ടിയുള്ള അനുവാദത്തിനുള്ള ഏതൊരു അപേക്ഷയും ഫാറം IV-ൽ സ്ഥാനചലനം വരുത്തുവാനുദ്ദേശിച്ചിട്ടുള്ള ദിവസത്തിന്റെ, കുറഞ്ഞത് മൂന്നുമാസത്തിനുമുമ്പ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

12. അനുവാദം നൽകുകയോ നിരസിക്കുകയോ ചെയ്യൽ.—II-ാം ചട്ടപ്രകാരമുള്ള ഒരു അപേക്ഷ കിട്ടിയാൽ, ഡയറക്ടർ അദ്ദേഹത്തിന് ആവശ്യമെന്നുതോന്നുന്ന അന്വേഷണം നടത്തിയശേഷം പൗരാണികാവശിഷ്ടങ്ങൾ എല്ലാമോ അഥവാ ഏതെങ്കിലുമോ സ്ഥാനചലനം നടത്തുന്നതിനുള്ള അനുവാദം കൊടുക്കുകയോ അല്ലെങ്കിൽ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അങ്ങനെയുള്ള അനുവാദം നിരസിക്കുകയോ ചെയ്യാവുന്നതാണ്.

13. അപ്പീൽ.—12-ാം ചട്ടപ്രകാരം ഡയറക്ടറുടെ ഒരു ഉത്തരവിനാൽ സങ്കടമുള്ള ഏതൊരാൾക്കും സർക്കാരിലേക്ക് ഒരു അപ്പീൽ നൽകാവുന്നതും അങ്ങനെയുള്ള അപ്പീലിൻമേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

## അദ്ധ്യായം VI

# സംരക്ഷിത സ്മാരകങ്ങളുടെ സമീപമുള്ള ഖനന പ്രവർത്തനവും നിർമ്മാണവും

14. നിരോധിത പ്രദേശമായോ നിയന്ത്രിത പ്രദേശമായോ പ്രഖ്യാപിക്കാനുള്ള ഉദ്ദേശത്തെ സംബന്ധിച്ചുള്ള നോട്ടീസ്.— (1) ഒരു സംരക്ഷിത സ്മാരകത്തിന്റെ സമീപമുള്ളതോ തൊട്ടിരിക്കുന്നതോ ആയ ഒരു പ്രദേശം ഖനന പ്രവർത്തനത്തിനോ നിർമ്മാണത്തിനോ രണ്ടിനുംകൂടിയോ, ഒരു നിരോധിത പ്രദേശമായോ, ഒരു നിയന്ത്രിത പ്രദേശമായോ പ്രഖ്യാപിക്കുന്നതിനുമുമ്പ് സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം, സർക്കാർ അങ്ങനെ ചെയ്യാനുള്ള ഉദ്ദേശത്തെ സംബന്ധിച്ച് ഒരു മാസത്തെ നോട്ടീസ് നൽകേണ്ടതും, അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ ഒരു പ്രതി ആ പ്രദേശത്തിന് സമീപമുള്ള കാണത്തക്ക ഒരു സ്ഥലത്ത് പതിക്കേണ്ടതുമാണ്.

(2) അങ്ങനെയുള്ള എല്ലാ വിജ്ഞാപനത്തിലും അത്തരത്തിൽ പ്രഖ്യാപിക്കേണ്ട പ്രദേശത്തിന്റെ പരിധി പ്രത്യേകം പറഞ്ഞിരിക്കേണ്ടതും, തൽപര കക്ഷികളിൽനിന്നും ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ ആയവ ക്ഷണിക്കേണ്ടതുമാണ്.

15. നിരോധിത പ്രദേശമായോ നിയന്ത്രിത പ്രദേശമായോ പ്രഖ്യാപനം ചെയ്യൽ.— 14-ാം ചട്ടപ്രകാരമുള്ള വിജ്ഞാപന തീയതി മുതൽ ഒരു മാസത്തിനുശേഷവും പ്രസ്തുത കാലത്തിനകം കിട്ടിയിട്ടുള്ള ആക്ഷേപങ്ങളേതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിച്ചശേഷവും സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം, 14-ാം ചട്ടപ്രകാരമുള്ള വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള പ്രദേശമോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രദേശത്തിന്റെ ഏതെങ്കിലും ഭാഗമോ ഖനന പ്രവർത്തനത്തിനോ അഥവാ നിർമ്മാണത്തിനോ അഥവാ രണ്ടിനും കൂടിയോ അതതു സംഗതിപോലെ ഒരു നിരോധിത പ്രദേശമായോ അഥവാ ഒരു നിയന്ത്രിത പ്രദേശമായോ പ്രഖ്യാപിക്കാവുന്നതാണ്.

16. ഒരു ആർക്കിയോളജിക്കൽ ആഫീസറല്ലാത്ത യാതൊരാളും,

(എ) ഒരു നിരോധിത പ്രദേശത്തോ; അല്ലെങ്കിൽ

(ബി) ഒരു നിയന്ത്രിത പ്രദേശത്തോ, ഡയറക്ടർ നൽകിയിട്ടുള്ള ഒരു ലൈസൻസിലെ നിബന്ധനകളും, വ്യവസ്ഥകളും പ്രകാരവും, അവയനുസരിച്ചുമല്ലാതെ ഏതെങ്കിലും ഖനന പ്രവർത്തനമോ അഥവാ നിർമ്മാണ പ്രവർത്തനമോ ഏറ്റെടുക്കുവാൻ പാടുള്ളതല്ല.

17. ലൈസൻസിനുള്ള അപേക്ഷ.- ഒരു നിയന്ത്രിത പ്രദേശത്ത് ഏതെങ്കിലും ഖനന പ്രവർത്തനമോ, നിർമ്മാണമോ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഏതൊരാളും അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തനമോ നിർമ്മാണമോ തുടങ്ങുന്ന തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുമ്പ് ഫാറം V-ൽ ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതാണ്.

18. ലൈസൻസ് നൽകുകയോ നിരസിക്കുകയോ ചെയ്യൽ. (1) 17-ാം ചട്ടപ്രകാരമുള്ള ഒരു അപേക്ഷ കിട്ടിയാൽ, ഡയറക്ടർക്ക്, ഒരു ലൈസൻസ് നൽകുകയോ, അതല്ല ആവശ്യപ്പെട്ടിട്ടുള്ള ലൈസൻസ് നൽകാൻ പാടില്ല എന്നാണ് അദ്ദേഹത്തിന് തോന്നുന്നതെങ്കിൽ ആ കാരണം രേഖപ്പെടുത്തിക്കൊണ്ട് ലൈസൻസ് നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം അനുവദിക്കുന്ന ഏതൊരു ലൈസൻസും ഫാറം VI-ൽ ആയിരിക്കേണ്ടതും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതുമാണ്, അതായത്:-

(എ) ലൈസൻസ് കൈമാറ്റം ചെയ്യാൻ പാടില്ല.

(ബി) അതിന് അതിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന കാലയളവുവരെ സാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

(സി) ഡയറക്ടർക്ക് സംരക്ഷിത സ്മാരകത്തിന്റെ സുരക്ഷിതത്വവും ബാഹ്യരൂപവും ഉറപ്പുവരുത്തുന്നതിനും അതിന്റെ പ്രവേശന മാർഗ്ഗത്തിന്റെയും പ്രവേശനത്തിന്റെയും സംരക്ഷണത്തിനും വേണ്ടി ലൈസൻസിൽ പറയാവുന്ന ഖനന പ്രവർത്തനമോ നിർമ്മാണമോ നിർവ്വഹിക്കേണ്ട രീതിയെ സംബന്ധിച്ച മറ്റേതെങ്കിലും വ്യവസ്ഥയും.

19. ലൈസൻസ് റദ്ദാക്കൽ.— 18-ാം ചട്ടപ്രകാരം നൽകിയ ഒരു ലൈസൻസ് അതിന്റെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് ഡയറക്ടർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ഉത്തരവുമൂലം റദ്ദാക്കാവുന്നതാണ്.

എന്നാൽ, ലൈസൻസിക്ക് പറയാനുള്ളത് പറയാൻ ഒരവസരം നൽകാതെ യാതൊരു ലൈസൻസും റദ്ദാക്കാൻ പാടില്ലാത്തതാകുന്നു.

20. അപ്പീൽ.— 18-ാം ചട്ടപ്രകാരമോ 19-ാം ചട്ടപ്രകാരമോ ഉള്ള ഡയറക്ടറുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, സർക്കാരിന് ഒരു അപ്പീൽ നൽകാവുന്നതും അങ്ങനെയുള്ള അപ്പീലിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

21. അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യൽ. (1) സർക്കാരിന്, ഉത്തരവുമൂലം, ഒരു നിരോധിത പ്രദേശത്തോ, ഒരു നിയന്ത്രിത പ്രദേശത്തോ ഉള്ള ഒരു അനധികൃതകെട്ടിടമോ, അല്ലെങ്കിൽ 18-ാം ചട്ടപ്രകാരം നൽകിയ ഒരു ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള ഒരു കെട്ടിടമോ അഥവാ അതിന്റെ ഭാഗമോ, ആ ഉത്തരവിൽ പ്രത്യേകം പറയുന്ന കാലത്തിനകം, നീക്കം ചെയ്യുവാൻ അങ്ങനെയുള്ള കെട്ടിടത്തിന്റയോ അഥവാ അതിന്റെ ഭാഗത്തിന്റെയോ ഉടമസ്ഥനോടോ കൈവശക്കാരനോടോ, നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം പുറപ്പെടുവിച്ച ഒരുത്തരവ് അനുസരിക്കുന്നതിന് ഉടമസ്ഥനോ കൈവശക്കാരനോ വിസമ്മതിക്കുകയോ അഥവാ വീഴ്ചവരുത്തുകയോ ചെയ്യുകയാണെങ്കിൽ, സർക്കാരിന് പ്രസ്തുത കെട്ടിടമോ അഥവാ അതിന്റെ ഭാഗമോ നീക്കം ചെയ്യിക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിക്കാവുന്നതും, അങ്ങനെയുള്ള നീക്കം ചെയ്യലിന്റെ ചെലവ് ഉടമസ്ഥനോ അഥവാ കൈവശക്കാരനോ വഹിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

22. ശിക്ഷ.- ആരെങ്കിലും,-

(i) ഒരു നിരോധിത പ്രദേശത്തോ അഥവാ ഒരു നിയന്ത്രിത പ്രദേശത്തോ നിയമവിരുദ്ധമായി എന്തെങ്കിലും ഖനന പ്രവർത്തനമോ നിർമ്മാണമോ ഏറ്റെടുക്കുകയോ; അല്ലെങ്കിൽ

(ii) ഒരു ലൈസൻസിന്റെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ, അല്ലെങ്കിൽ

(iii) 21-ാം ചട്ടം (1)-ാം ഉപചട്ടപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവ് അനുസരിക്കുന്നതിന് വീഴ്ചവരുത്തുകയോ, അഥവാ അനുസരിക്കാൻ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ അയാളെ മൂന്നുമാസം വരെയാകാവുന്ന തടവിനോ അയ്യായിരം രൂപവരെയാകാവുന്ന പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കേണ്ടതാണ്.

## അദ്ധ്യായം VII

## സംരക്ഷിത സ്മാരകങ്ങളുടെ പകർത്തലും ചലച്ചിത്രമാക്കലും

23. ചില സ്മാരകങ്ങൾ പകർത്തുന്നതിന് അനുവാദം ആവശ്യമാണെന്ന്.- ഡയറക്ടർക്ക് ഉത്തരവുമൂലം ആർക്കിയോളജിക്കൽ ഉദ്യോഗസ്ഥനോ ഇതിനുവേണ്ടി ഒരു ആർക്കിയോളജിക്കൽ ആഫീസർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ അല്ലാതെ യാതൊരാളും, പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ള ഏതെങ്കിലും സ്മാരകമോ അതിന്റെ ഭാഗമോ ഒരു ആർക്കിയോളജിക്കൽ ഉദ്യോഗസ്ഥൻ രേഖാമൂലം നൽകിയ ഒരു അനുവാദത്തിലെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചും അതുപ്രകാരവുമല്ലാതെ പകർത്ത് പാടില്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

24. മറ്റു സ്മാരകങ്ങൾ പകർത്തുന്നതിനുള്ള വ്യവസ്ഥകൾ.- (1) 23-ാം ചട്ടപ്രകാരം യാതൊരുത്തരവും പുറപ്പെടുവിച്ചിട്ടില്ലാത്ത ഒരു സംരക്ഷിത സ്മാരകത്തെ ആർക്കുവേണമെങ്കിലും പകർത്താവുന്നതാണ്.

(2) (1)-ാം ഉപചട്ടത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, ഒരു ആർക്കിയോളജിക്കൽ ഉദ്യോഗസ്ഥനോ അഥവാ ഇതിനുവേണ്ടി അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ അല്ലാത്ത യാതൊരാളെയും, അങ്ങനെയുള്ള ഏതെങ്കിലും സ്മാരകം പകർത്തുന്ന വേളയിൽ,-

(എ) അങ്ങനെയുള്ള സ്മാരകത്തിന്റെ പരിസരത്ത് ഒരു ക്യാമറാ സ്റ്റാൻഡോ, സ്റ്റൂളോ, കസേരയോ, മേശയോ, വലിയ ഡ്രായിംഗ് ബോർഡോ, മുക്കാലിയോ അങ്ങനെയുള്ള ഏതെങ്കിലും ഉപകരണമോ കൊണ്ടുവരുന്നതിനോ അഥവാ ഉപയോഗിക്കുന്നതിനോ, അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള പരിസരത്ത് ഏതെങ്കിലും ചാരം കെട്ടി ഉയർത്തുന്നതിനോ; അല്ലെങ്കിൽ

(സി) അങ്ങനെയുള്ള പരിസരത്ത് ക്യാമറാ തുറക്കുന്നതോടൊപ്പം പ്രകാശിപ്പിക്കുന്ന ഫ്ളാഷ് ലൈറ്റ് ഒഴികെയുള്ള മറ്റേതെങ്കിലും പ്രകാശം ഉപയോഗിക്കുന്നതിനോ;

(ഡി) അങ്ങനെയുള്ള സ്മാരകത്തിലോ അതിന്റെ ഭാഗത്തിലോ ജലം, എണ്ണ, ഗ്രീസ് അഥവാ അച്ചുണ്ടാക്കുന്നതിനുള്ള വസ്തു പോലെയുള്ള ഏതെങ്കിലും അന്യപദാർത്ഥം ഉപയോഗിക്കുകയോ;

(ഇ) അങ്ങനെയുള്ള സ്മാരകത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ നേരിട്ടുള്ള വരയ്ക്കലോ അച്ചുണ്ടാക്കലോ കശക്കലോ നടത്തുവാനോ ആർക്കിയോളജിക്കൽ ആഫീസർ രേഖാമൂലം നൽകിയിട്ടുള്ള അനുവാദത്തിലെ നിബന്ധനകളും, വ്യവസ്ഥകളും പ്രകാരവും അവ അനുസരിച്ചല്ലാതെയും, അധികാരപ്പെടുത്തുന്നതായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതാകുന്നു.

25. ചലച്ചിത്രമാക്കലിന് ലൈസൻസ് ആവശ്യമാണെന്ന്. 27-ാം ചട്ടപ്രകാരം നൽകിയ ഒരു ലൈസൻസിലെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചും അതു പ്രകാരവുമല്ലാതെ ഒരു ആർക്കിയോളജിക്കൽ ആഫീസറോ, ഈ ആവശ്യത്തിലേക്ക് അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ അല്ലാത്ത യാതൊരാളും ഒരു സംരക്ഷിത സ്മാരകത്തിലോ അതിന്റെ ഭാഗത്തിലോ ഏതെങ്കിലും ചലച്ചിത്രമെടുക്കൽ പ്രവർത്തനം ഏറ്റെടുക്കൽ പാടില്ലാത്തതാകുന്നു.

26. ലൈസൻസിനുള്ള അപേക്ഷ. ഒരു സംരക്ഷിത സ്മാരകത്തിൽ ഏതെങ്കിലും ചലച്ചിത്ര പ്രവർത്തനം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഏതൊരാളും അങ്ങനെയുള്ള പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തീയതിക്കും കുറഞ്ഞത് മൂന്നുമാസം മുമ്പെങ്കിലും ഫാറം VII-ൽ ഡയറക്ടറോട് അപേക്ഷിക്കേണ്ടതാണ്.

27. ലൈസൻസ് നൽകുകയോ നിരസിക്കുകയോ ചെയ്യൽ. (1) 26-ാം ചട്ടപ്രകാരമുള്ള ഒരു അപേക്ഷ കിട്ടിയാൽ, ഡയറക്ടർക്ക്, ഒരു ലൈസൻസ് നൽകുകയോ അഥവാ ആവശ്യപ്പെട്ടിട്ടുള്ള ലൈസൻസ് കൊടുക്കാൻ പാടില്ലെന്ന് അദ്ദേഹത്തിന് തോന്നുന്ന പക്ഷം കാരണം രേഖപ്പെടുത്തിക്കൊണ്ട് ലൈസൻസ് നിരസിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ, വിദ്യാഭ്യാസാവശ്യത്തിലേയ്ക്കോ സ്മാരകത്തിന്റെ പ്രസിദ്ധീകരണത്തിനോ വേണ്ടി അല്ലാതെ എന്തെങ്കിലും സംരക്ഷിത സ്മാരകത്തിന്റെ അന്തർഭാഗം അതായത് എന്തെങ്കിലും തരത്തിലുള്ള ഒരു മേൽക്കൂരയാൽ അവതരണം ചെയ്യപ്പെട്ട സംരക്ഷിത സ്മാരകത്തിന്റെ എന്തെങ്കിലും ഒരു ഭാഗം ചലച്ചിത്രമാക്കാൻ ഡയറക്ടർ യാതൊരു ലൈസൻസും നൽകാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപചട്ടപ്രകാരം നൽകിയ ഏതൊരു ലൈസൻസും ഫാറം VIII-ൽ ആയിരിക്കേണ്ടതും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതുമാണ്, അതായത്:—

(എ) ലൈസൻസ് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും അതിൽ പറഞ്ഞിരിക്കുന്ന കാലത്തേക്ക് സാധുതയുള്ളതുമായിരിക്കുന്നതുമാണ്;

(ബി) നാശമുണ്ടാകത്തക്കവിധം സ്മാരകത്തിന്റെയോ അതിനോട് ചേർന്നുള്ള പുൽത്തകിടിയുടെയോ, തോട്ടത്തിന്റെയോ ഏതെങ്കിലും ഭാഗം അനാവരണം ചെയ്യുകയോ, ഫലത്തിൽ അനാവരണം ചെയ്തേക്കാവുന്ന തരത്തിലുള്ളതോ ആയ യാതൊന്നും ലൈസൻസിയോ അയാളുടെ പാർട്ടിയിലെ ഏതെങ്കിലും അംഗമോ ചെയ്യാൻ പാടില്ലാത്തതാകുന്നു;

(സി) സ്മാരകത്തിന്റെ ഏത് ഭാഗത്തെ സംബന്ധിച്ചാണോ ലൈസൻസ് നൽകിയിട്ടുള്ളത് ആ ഭാഗത്ത് മാത്രമായി ചലച്ചിത്രമെടുക്കൽ പ്രവർത്തനം പരിമിതപ്പെടുത്തേണ്ടതാണ്;

(ഡി) ജലം, എണ്ണ, ഗ്രീസ് അഥവാ അതുപോലെയുള്ള യാതൊരു അന്യപദാർത്ഥവും സ്മാരകത്തിന്റെ യാതൊരു ഭാഗത്തും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു;

(ഇ) ഇലക്ട്രിക് പവ്വറിനുവേണ്ടിയുള്ള ജനറേറ്റിംഗ് പ്ലാന്റ് എവിടെയെങ്കിലും ആവശ്യമായി വന്നാൽ അത് സ്മാരകത്തിന്റെയോ, അതിനോട് ചേർന്നുള്ള പുൽത്തകിടിയുടേയോ തോട്ടത്തിന്റെയോ അകലെ സ്ഥാപിക്കേണ്ടതാണ്;

(എഫ്) ചലച്ചിത്രമെടുക്കൽ പ്രവർത്തനം സ്മാരകത്തിന്റെ പ്രാന്തത്തിനുള്ളിൽ നിയമാനുസൃതമായുള്ള ആളുകളുടെ നീക്കം തടയുകയോ പ്രതിബന്ധപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു;

(ജി) ഡയറക്ടർ ലൈസൻസിൽ പറയുന്ന മറ്റെല്ലാ വ്യവസ്ഥകൾക്കും വിധേയമായും.

28. ലൈസൻസ് റദ്ദാക്കൽ.—ഡയറക്ടർക്ക് 27-ാം ചട്ടപ്രകാരം നൽകിയ ഒരു ലൈസൻസ് അതിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുന്ന പക്ഷം ലൈസൻസിക്ക് നോട്ടീസ് നൽകിയശേഷം റദ്ദാക്കാവുന്നതാണ്.

29. അപ്പീൽ.—27-ാം ചട്ടപ്രകാരമോ 28-ാം ചട്ടപ്രകാരമോ ഡയറക്ടർ നൽകിയ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിലേയ്ക്ക് ഒരു അപ്പീൽ നൽകാവുന്നതും അങ്ങനെയുള്ള അപ്പീലിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

30. ചില ചട്ടങ്ങൾ ബാധകമാകില്ലെന്ന്.—24-ാം ചട്ടത്തിലെ യാതൊന്നുമോ 23-ാം ചട്ടപ്രകാരം നൽകിയ ഒരു അനുമതിയിലേയോ അഥവാ 27-ാം ചട്ടപ്രകാരം നൽകിയ ഒരു ലൈസൻസിലേയോ യാതൊരു വ്യവസ്ഥയും 3, 4, 5, 6, 7, 8 എന്നീ ചട്ടങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

31. ശിക്ഷ.—ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥകളോ അഥവാ അതുപ്രകാരം നൽകിയ ഏതെങ്കിലും അനുമതിയിലേയോ ലൈസൻസിലേയോ ഏതെങ്കിലും വ്യവസ്ഥകളോ ലംഘിച്ചുകൊണ്ടോ ആരെങ്കിലും ഏതെങ്കിലും സംരക്ഷിത സ്മാരകം പകർത്തുകയോ, ചലചിത്രമായോ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്താൽ അയാളെ അഞ്ഞൂറുരൂപവരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കേണ്ടതാണ്.

## അദ്ധ്യായം VIII

### പലവക

32. അപ്പീൽ സമർപ്പിക്കേണ്ട രീതി. (1) ഈ ആക്റ്റുപ്രകാരമോ അഥവാ ഈ ചട്ടങ്ങൾ പ്രകാരമോ സർക്കാരിലേയ്ക്കുള്ള ഏതൊരു അപ്പീലും രേഖാമൂലമായിരിക്കേണ്ടതും, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവ് കിട്ടി ഒരുമാസത്തിനകം സമർപ്പിക്കേണ്ടതുമാണ്.

(2) അങ്ങനെയുള്ള എല്ലാ അപ്പീലിനോടുമൊപ്പം ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവിന്റെ ഒരു പകർപ്പ് ഉണ്ടായിരിക്കേണ്ടതാണ്.

33. ഉത്തരവുകളും നോട്ടീസുകളും നടപ്പാക്കൽ. ഈ ആക്റ്റ് പ്രകാരമോ അഥവാ ഈ ചട്ടങ്ങൾ പ്രകാരമോ ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഏതൊരു ഉത്തരവും, നോട്ടീസും,-

(എ) ഒരു പൊതു സ്വഭാവത്തോടുകൂടിയതോ, ഒരു വിഭാഗം ആളുകളെ ബാധിക്കുന്നതോ ആണെങ്കിൽ അങ്ങനെയുള്ള ഏതൊരു ഉത്തരവും നോട്ടീസും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും;

(ബി) ഒരു കോർപ്പറേഷനേയോ, ഫേമിനേയോ ബാധിക്കുന്ന ഏതൊരു ഉത്തരവും, നോട്ടീസും അതതു സംഗതിപോലെ, 1908-ലെ സിവിൽ നടപടി സംഹിതയുടെ ഒന്നാം പട്ടികയിൽ ഓർഡർ XXIX 2-ാം ചട്ടത്തിലോ ഓർഡർ XXX 3-ാം ചട്ടത്തിലോ സമൻസ് നടത്തുന്നതിന് പറഞ്ഞിട്ടുള്ള രീതിയിൽ നടത്തേണ്ടതും;

(സി) ഒരു വ്യക്തിയെ ബാധിക്കുന്ന ഏതെങ്കിലും ഉത്തരവും നോട്ടീസും;

(i) ബന്ധപ്പെട്ട ആൾക്ക് വിതരണം ചെയ്യുകയോ കൊടുക്കുകയോ;

(ii) അങ്ങനെ വിതരണം ചെയ്യാനോ കൊടുക്കാനോ സാധിക്കാതെ വന്നാൽ അങ്ങനെയുള്ള ആളിന്റെ കുടുംബത്തിലെ ഏതെങ്കിലും പ്രായപൂർത്തിയായ പുരുഷന് വിതരണം ചെയ്യുകയോ കൊടുക്കുകയോ ചെയ്യുകയും അതിന്റെ പകർപ്പ് അയാൾ അവസാനം താമസിച്ചിരുന്നതായോ ബിസിനസ് നടത്തിയിരുന്നതായോ അയാളുടെ നേട്ടത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നതായോ അറിയുന്ന വീട്ടിന്റെ വാതിൽപ്പടിയിലോ, അതിന്റെ പരിസരത്തുള്ള പ്രകടമായ ഏതെങ്കിലും സ്ഥലത്തോ പതിച്ചു നടത്തുകയോ;

(iii) അക്നോളജ്മെന്റോടുകൂടിയ രജിസ്റ്റേർഡ് പോസ്റ്റായി അയച്ചു കൊടുക്കുകയോ ചെയ്യുകയും ചെയ്യേണ്ടതാണ്.

പട്ടികകൾ

## ചില സ്മാരകങ്ങളോ അവയുടെ ഭാഗങ്ങളോ തുറന്നിരിക്കേണ്ട സമയം

(5-ാം ചട്ടം നോക്കുക)

| ക്രമ നമ്പർ | സംസ്ഥാനം | ജില്ല | പ്രദേശം | സ്മാരകത്തിന്റെ പേര് | സൂര്യോദയം മുതൽ സൂര്യാസ്തമനം വരെയുള്ള സമയത്തല്ലാതെ, സ്മാരകത്തിന്റെ ഭാഗം തുറന്നിട്ടിരിക്കേണ്ട സമയം | തുറക്കുന്ന സമയം |
|---|---|---|---|---|---|---|
| 1 | കേരളം | ആലപ്പുഴ | കൃഷ്ണപുരം (കായംകുളം) | കൃഷ്ണപുരം കൊട്ടാരം | | രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ |
| 2 | കേരളം | തൃശ്ശൂർ | കൊടുങ്ങല്ലൂർ | പള്ളിപ്പുറം കോട്ട | | ,, |
| 3 | കേരളം | തൃശ്ശൂർ | കൊടുങ്ങല്ലൂർ | കോട്ടപ്പുറം കോട്ട | | ,, |

ഫാറം I

## ഒരു സംരക്ഷിത പ്രദേശത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനത്തിന്/ ഖനന പ്രവർത്തനത്തിന് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ

(9-ാം ചട്ടം നോക്കുക)

1. അപേക്ഷകന്റെ പേരും മേൽവിലാസവും :

2. നിർമ്മാണ പ്രവർത്തനം/ഖനന പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്ന സംരക്ഷിത പ്രദേശത്തിന്റെ പേര് :

   പ്രദേശം :

   ജില്ല :

   സംസ്ഥാനം :

3. അനുമതി ആവശ്യപ്പെടുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ/ ഖനന പ്രവർത്തനത്തിന്റെ സ്വഭാവവും വിശദാംശങ്ങളും :

(നിർമ്മാണത്തിന്റെ കാര്യത്തിൽ, സംരക്ഷിത പ്രദേശത്തോടനുബന്ധിച്ച കെട്ടിടത്തിന്റെ സ്ഥാനം ചുവന്ന ഔട്ട്ലൈനിൽ കാണിച്ചുകൊണ്ട് സൈറ്റ് പ്ലാനിന്റെ മൂന്ന് കോപ്പിയും കെട്ടിടത്തിന്റെ പ്ലാനും എലിവേഷനും ഇതോടൊപ്പം ചേർക്കേണ്ടതും, കെട്ടിടത്തിന്റെ നിറം, ബാഹ്യാകാരം, കെട്ടിടത്തിന്റെ സ്ക്രീനിംഗ് നടത്തുന്ന രീതിയും, കെട്ടിടത്തിന്റെ അനുബന്ധത്തിനുവേണ്ടി മണ്ണുകുഴിക്കുന്നതിന്റെ താഴ്ചയും എടുത്തു പറയേണ്ടതുമാണ്.)

ഖനന പ്രവർത്തനത്തിന്റെ കാര്യത്തിൽ സംരക്ഷിത പ്രദേശത്തെ സംബന്ധിച്ച് ഖനന പ്രവർത്തനത്തിന്റെ വ്യാപ്തി ചുവന്ന ഔട്ട്ലൈനിൽ കാണിച്ചുകൊണ്ടുള്ള ഒരു സൈറ്റ് പ്ലാനിന്റെ മൂന്ന് കോപ്പി ചേർത്തിരിക്കേണ്ടതും, ഖനനം നടത്തേണ്ടതിന്റെ ആഴം സംബന്ധിച്ച വിശദാംശങ്ങളും, ഖനനം നടത്തേണ്ട രീതിയും, ശബ്ദമടക്കുന്നതിന്റെ രീതിയും, പാറ പൊട്ടിക്കുന്ന സാധനത്തിന്റെ തരവും ചാർജ്ജ് ചെയ്യുന്ന രീതിയും, പൊട്ടിക്കേണ്ട പാറകളിൽ ഒരേസമയം ഇടേണ്ട ദ്വാരങ്ങളുടെ ആഴവും എണ്ണവും എടുത്തു പറയേണ്ടതാണ്.

4. ഉദ്ദിഷ്ട നിർമ്മാണത്തിന്റെ/ഖനന പ്രവർത്തനത്തിന്റെ ഉദ്ദേശം :

5. ഉദ്ദിഷ്ട നിർമ്മാണത്തിന്/ഖനന പ്രവർത്തനത്തിന് വേണ്ടിവരുന്ന ഏകദേശ സമയവും തുടങ്ങുന്ന തീയതിയും :

മേൽപ്പറഞ്ഞ വിവരം ശരിയാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെയും, അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുകയും ചെയ്യുന്നു.

സംഘടനയുടെ മുദ്ര

സ്ഥലം : അപേക്ഷകന്റെ ഒപ്പ്.

തീയതി :

---

അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ, അതിന്റെ പേര് നൽകേണ്ടതാണ്. അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ ഒപ്പ് ആ സംഘടനയുടെ തലവന്റെതായിരിക്കണം.

## ഫാറം II

## ഒരു സംരക്ഷിത പ്രദേശത്തുനിന്ന് കുഴിച്ചെടുത്ത പൗരാണികാവശിഷ്ടങ്ങളെപ്പറ്റിയുള്ള റിപ്പോർട്ട്

(10-ാം ചട്ടം നോക്കുക)

സ്ഥലത്തിന്റെ പേര് :

പ്രദേശം :

ജില്ല :

സംസ്ഥാനം :

........................ 20...................... മുതൽ ..........................20..................... വരെയുള്ള

## കാലയളവിലേയ്ക്കുള്ള റിപ്പോർട്ട്

| ക്രമ നമ്പർ | പൗരാണികാവശിഷ്ടങ്ങളുടെ തരം | വസ്തു | പൗരാണികാവശിഷ്ടങ്ങളുടെ എണ്ണം | | ഏകദേശ പഴക്കം | റിമാർക്കുകൾ |
|---|---|---|---|---|---|---|
| | | | പൂർണ്ണമായിട്ടുള്ളത് | തുണ്ടുതുണ്ടായത് | | |
| | | | | | | |

സ്ഥലം :

തീയതി : ലൈസൻസിയുടെ ഒപ്പ്.

---

1. മൺകലക്കഷണങ്ങളുടെ കാര്യത്തിൽ ഏകദേശ എണ്ണം പറയേണ്ടതാണ്.

ഫാറം III

## ഒരു ആർക്കിയോളജിക്കൽ ആഫീസർ കുഴിച്ചെടുക്കുന്ന പൗരാണികാവശിഷ്ടങ്ങളെപ്പറ്റിയുള്ള റിപ്പോർട്ട്

(10-ാം ചട്ടം നോക്കുക)

സ്ഥലത്തിന്റെ പേര് :

പ്രദേശം :

ജില്ല :

സംസ്ഥാനം :

.......................... 20...................... മുതൽ ............................20..................... വരെയുള്ള

## കാലയളവിലേയ്ക്കുള്ള റിപ്പോർട്ട്

| ക്രമ നമ്പർ | പൗരാണികാവശിഷ്ടങ്ങളുടെ തരം | പൗരാണികാവശിഷ്ടങ്ങളുടെ എണ്ണം | | ഏകദേശ പഴക്കം | റിമാർക്കുകൾ |
|---|---|---|---|---|---|
| | | പൂർണ്ണമായിട്ടുള്ളത് | തുണ്ടുതുണ്ടായത് | | |
| | | | | | |

സ്ഥലം :

തീയതി : ആർക്കിയോളജിക്കൽ ആഫീസറുടെ ഒപ്പ്.

1. മൺകലക്കഷണങ്ങളുടെ കാര്യത്തിൽ ഏകദേശ എണ്ണം പറയേണ്ടതാണ്.

ഫാറം IV

## പൗരാണികാവശിഷ്ടങ്ങൾ മാറ്റുന്നതിനുള്ള അപേക്ഷ

(11-ാം ചട്ടം നോക്കുക)

1. അപേക്ഷകന്റെ പേരും മേൽവിലാസവും :

2. പൗരാണികാവശിഷ്ടങ്ങൾ എവിടെ നിന്നു മാറ്റുന്നുവോ ആ സ്ഥലത്തിന്റെ പേര് :

പ്രദേശം: ജില്ല: സംസ്ഥാനം:

3. മാറ്റുന്നതിന് ഉദ്ദേശിക്കുന്ന പൗരാണികാവശിഷ്ടങ്ങളുടെ വിവരണം (പൗരാണികാവശിഷ്ടങ്ങളുടെ വിശദാംശങ്ങൾ കാണിക്കുന്ന ഫോട്ടോ ഇതോടൊപ്പം വയ്ക്കേണ്ടതാണ്) :

4. മാറ്റുന്ന ഏകദേശ തീയതി :

5. മാറ്റുന്നതിന്റെ ഉദ്ദേശ്യം :

6. പൗരാണികാവശിഷ്ടങ്ങളോ അവയിൽ ഏതെങ്കിലുമോ ആരാധനയ്ക്കുള്ള വസ്തുക്കളാണോ എന്ന് :

മേൽപ്പറഞ്ഞ വിവരം ശരിയാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു.

സംഘടനയുടെ മുദ്ര

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്.

---

അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ, അതിന്റെ പേര് നൽകേണ്ടതാണ്. അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ ഒപ്പ് ആ സംഘടനയുടെ തലവന്റേതായിരിക്കണം.

## ഫാറം V

## ഒരു നിയന്ത്രിതപ്രദേശത്തിനുള്ളിൽ ഖനന പ്രവർത്തനത്തിന്/ നിർമ്മാണത്തിനുവേണ്ടി ലൈസൻസിനുള്ള അപേക്ഷ

(17-ാം ചട്ടം നോക്കുക)

1. അപേക്ഷകന്റെ പേരും മേൽവിലാസവും :

2. നിയന്ത്രിത പ്രദേശം സ്ഥിതിചെയ്യുന്നതിന് അടുത്തുള്ളതോ തൊട്ടുകിടക്കുന്നതോ ആയ സ്മാരകത്തിന്റെ പേര് :

പ്രദേശം: ജില്ല: സംസ്ഥാനം:

3. അനുമതി ആവശ്യപ്പെട്ട ഖനന പ്രവർത്തനത്തിന്റെയും/നിർമ്മാണത്തിന്റെയും സ്വഭാവവും വിശദ വിവരങ്ങളും :

(ഖനന പ്രവർത്തനത്തിന്റെ കാര്യത്തിൽ, സ്മാരകത്തേയും നിയന്ത്രിത പ്രദേശത്തേയും സംബന്ധിച്ച ഖനന പ്രവർത്തനത്തിന്റെ വ്യാപ്തി ചുവന്ന ഔട്ട്ലൈനിൽ

കാണിച്ചുകൊണ്ട് ഒരു സൈറ്റ് പ്ലാനിന്റെ മൂന്ന് കോപ്പി ചേർത്തിരിക്കേണ്ടതും, ഖനനം നടത്തേണ്ടതിന്റെ ആഴം സംബന്ധിച്ച വിശദാംശങ്ങളും, ഖനനം നടത്തേണ്ട രീതിയും, ശബ്ദമടക്കുന്നതിന്റെ രീതിയും, പാറ പൊട്ടിക്കുന്ന സാധനത്തിന്റെ തരവും ചാർജ്ജ് ചെയ്യുന്ന രീതിയും, പൊട്ടിക്കേണ്ട പാറകളിൽ ഒരേസമയം ഇടേണ്ട ദ്വാരങ്ങളുടെ ആഴവും എണ്ണവും എടുത്തുപറയേണ്ടതാണ്.)

നിർമ്മാണത്തിന്റെ കാര്യത്തിൽ, സ്മാരകത്തോടും, നിയന്ത്രിത പ്രദേശത്തോടും അനുബന്ധിച്ച കെട്ടിടത്തിന്റെ സ്ഥാനം ചുവന്ന ഔട്ട്ലൈനിൽ കാണിച്ചുകൊണ്ട് ഒരു സൈറ്റ് പ്ലാനിന്റെ മൂന്ന് കോപ്പിയും കെട്ടിടത്തിന്റെ പ്ലാനും എലിവേഷനും ഇതോടൊപ്പം ചേർക്കേണ്ടതും, കെട്ടിടത്തിന്റെ നിറം, ബാഹ്യാകാരം, കെട്ടിടത്തിന്റെ സ്ക്രീനിംഗ് നടത്തുന്ന രീതിയും, കെട്ടിടത്തിന്റെ അനുബന്ധത്തിനുവേണ്ടി മണ്ണുകുഴിക്കുന്നതിന്റെ താഴ്ചയും എടുത്തുപറയേണ്ടതുമാണ്.

4. ഉദ്ദിഷ്ട പ്രവർത്തനത്തിന്റെ/ നിർമ്മാണത്തിന്റെ ആവശ്യം :

5. ഉദ്ദിഷ്ട ഖനന പ്രവർത്തനത്തിന്/ നിർമ്മാണത്തിന് വേണ്ടിവരുന്ന ഏകദേശ സമയവും തുടങ്ങുന്നതിന്റെ തീയതിയും :

മേൽപ്പറഞ്ഞ വിവരം ശരിയാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെയും, അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുകയും ചെയ്യുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്.

---

അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ, അതിന്റെ പേര് നൽകേണ്ടതാണ്. അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ ഒപ്പ് ആ സംഘടനയുടെ തലവന്റെതായിരിക്കണം.

ഫാറം VI

## ഒരു നിയന്ത്രിതപ്രദേശത്തിനുള്ളിലെ ഖനന പ്രവർത്തനത്തിൽ/ നിർമ്മാണത്തിനുവേണ്ടിയുള്ള ലൈസൻസ്

(18-ാം ചട്ടം നോക്കുക)

.............................................. എന്നയാൾ,

..........................................................സംസ്ഥാനത്തിലെ ..................................... ജില്ലയിലെ ..........................................................-ന് സമീപത്തുള്ളതോ തൊട്ടിരിക്കുന്നതോ ആയ നിയന്ത്രിത പ്രദേശത്ത് ............................................ വേണ്ടിയുള്ള ഒരു ലൈസൻസിന് .......................................................................................................... അപേക്ഷിച്ചിട്ടുള്ളതും 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലേയും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുള്ളതും ആയതിനാൽ പുരാവസ്തു ശാസ്ത്ര ഡയറക്ടർ, ആയ ഞാൻ ....................................... ഇതോടൊപ്പം ചേർത്തിട്ടുള്ള പ്ലാനിൽ ചുവപ്പ് ഔട്ട്ലൈനിൽ കാണിച്ചിട്ടുള്ള പ്രദേശത്ത് ............................................................ വേണ്ടി ാുകളിൽപ്പറഞ്ഞ ..........................................................-ന് 18-ാം ചട്ടം (1)-ാം ഉപചട്ടപ്രകാരം ഇതിനാൽ ഈ ലൈസൻസ് നൽകുന്നു.

ഈ ലൈസൻസ് പ്രസ്തുത ആക്റ്റിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കും കൂടി വിധേയമായിട്ടാണ് നൽകുന്നത്, അതായത്:

ലൈസൻസ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

ഇത് 20................ മാസം ................................ ദിവസം മുതൽ.................................. കാലത്തേയ്ക്ക് പ്രാബല്യത്തിലിരിക്കുന്നതാണ്.

കേരള സർക്കാർ ആർക്കിയോളജി
വകുപ്പിന്റെ മുദ്ര

സ്ഥലം :

തീയതി : ആർക്കിയോളജി ഡയറക്ടറുടെ ഒപ്പ്.

<u>ഫാറം VII</u>

# ഒരു സംരക്ഷിത സ്മാരകത്തിൽ ചലച്ചിത്രമെടുക്കൽ പ്രവർത്തനത്തിനുള്ള ലൈസൻസിനുള്ള അപേക്ഷ

(26-ാം ചട്ടം നോക്കുക)

1. അപേക്ഷകന്റെ പേരും മേൽവിലാസവും :

2. ഉദ്ദിഷ്ട ചലച്ചിത്രമെടുക്കൽ പ്രവർത്തനം നടത്തുന്ന സ്മാരകത്തിന്റെ പേര് :

   പ്രദേശം: ജില്ല: സംസ്ഥാനം:

3. ചലച്ചിത്രമാക്കാൻ ഉദ്ദേശിക്കുന്ന സ്മാരകത്തിന്റെ ഭാഗം :

4. ഉദ്ദിഷ്ട ചലച്ചിത്രമെടുക്കൽ പ്രവർത്തനത്തിന്റെ സ്വഭാവവും ഉദ്ദേശ്യവും, ഏത് സാഹചര്യത്തിലാണോ സ്മാരകം ചലച്ചിത്രമാക്കാനുദ്ദേശിക്കുന്നതെന്നും :

(സ്ക്രിപ്റ്റിന്റെ പ്രസക്തഭാഗത്തിന്റെ മൂന്ന് കോപ്പികൾ ഇടോടൊപ്പം ചേർത്തിരിക്കേണ്ടതും ചലച്ചിത്രമാക്കേണ്ട കാഴ്ചകളുടെ വിശദാംശത്തിന്റെ മൂന്ന് കോപ്പികളും സമർപ്പിക്കേണ്ടതുമാണ്.)

5. പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ എണ്ണം :

5. ഉദ്ദേശിച്ച ചലച്ചിത്രമെടുക്കലിന്റെ ഏകദേശ സമയവും തുടങ്ങുന്ന തീയതിയും :

മേൽപ്പറഞ്ഞ വിവരം ശരിയാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലെയും, അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കുമെന്ന് ഞാൻ ഉറപ്പ് നൽകുകയും ചെയ്യുന്നു.

സംഘടനയുടെ മുദ്ര

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്.

---

<u>കുറിപ്പ്:</u>— അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ, അതിന്റെ പേര് നൽകേണ്ടതാണ്. അപേക്ഷ ഒരു സംഘടനയ്ക്കുവേണ്ടിയാണെങ്കിൽ ഒപ്പ് ആ സംഘടനയുടെ തലവന്റേതായിരിക്കണം.

ഫാറം VIII

## ഒരു സംരക്ഷിത സ്മാരകത്തിൽ ചലച്ചിത്രമെടുക്കൽ പ്രവർത്തനത്തിനുള്ള ലൈസൻസ്

(27-ാം ചട്ടം നോക്കുക)

.......................................................സംസ്ഥാനത്തിലെ ....................................... ജില്ലയിലെ ....................................... പ്രദേശത്ത് സ്ഥിതിചെയ്യുന്ന ....................................... എന്നറിയപ്പെടുന്ന സംരക്ഷിത സ്മാരകത്തിൽ ചലച്ചിത്രമെടുക്കൽ പ്രവർത്തനത്തിനുള്ള ഒരു ലൈസൻസിന്.......................................-ലെ ....................................... അപേക്ഷിച്ചിട്ടുള്ളതിനാലും 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിലേയും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നതിന് ....................................... ഉറപ്പ് നൽകിയിട്ടുള്ളതിനാലും;

ഡയറക്ടർ ഓഫ് ആർക്കിയോളജി ആയ ഞാൻ ....................................... ഇതോടൊപ്പം ചേർത്തിട്ടുള്ള സ്ക്രിപ്റ്റും ദൃശ്യങ്ങളുടെ വിശദവിവരങ്ങളും അനുസരിച്ച് സ്മാരകത്തിന്റെ താഴെപ്പറയുന്ന ഭാഗത്ത് ചലച്ചിത്രമെടുക്കൽ പ്രവർത്തനം നടത്തുന്നതിന് മുകളിൽ പറഞ്ഞ .......................................-ന് പ്രസ്തുത ചട്ടങ്ങളിലെ 27-ാം ചട്ടപ്രകാരം ഇതിനാൽ ഈ ലൈസൻസ് നൽകുന്നു; അതായത്:—

ലൈസൻസ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

ഇത് 20................ മാസം ............................... ദിവസം മുതൽ................................. കാലത്തേയ്ക്ക് പ്രാബല്യത്തിലിരിക്കുന്നതാണ്.

കേരള സർക്കാർ ആർക്കിയോളജി
വകുപ്പിന്റെ മുദ്ര

സ്ഥലം :

തീയതി : ആർക്കിയോളജി ഡയറക്ടറുടെ ഒപ്പ്.

(ശരിത്തർജ്ജമ)

(ഒപ്പ്)
എം. അബ്ദുൾ അസീസ്,
*അണ്ടർ സെക്രട്ടറി.*